# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM11 /152/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM11 /152/23 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-06-2022 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ.പി., ഓഡിറ്റ് ഓഫീസർ

ശ്രീമതി അസീന എ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമത ലത. ഒ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീറ മോൾ പാലപ്ര | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മേരി ഐലിൻ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 14-04-2021 |
| ശ്രീ.അനൂപ് കുമാർ വി | സെക്രട്ടറി | 15-04-2021 | 30-06-2021 |
| ശ്രീമതി. മേരി ഐലിൻ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 12-07-2021 |
| ശ്രീമതി. നിമ്മി ജേക്കബ് | സെക്രട്ടറി | 13-07-2021 | 28-11-2021 |
| ശ്രീമതി. മേരി ഐലിൻ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-11-2021 | 26-12-2021 |
| ശ്രീമതി. നിമ്മി ജേക്കബ് | സെക്രട്ടറി | 27-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മേരി ഐലിൻ എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ഉഷാർ കൃഷ്ണൻ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷുഹൈബ് തൊട്ടിയൻ | കൃഷി ഓഫീസർ | 01-04-2021 | 01-09-2021 |
| ശ്രീമതി. അഞ്ജലി കെ | കൃഷി ഓഫീസർ | 02-09-2021 | 31-03-2022 |
| ഡോ.വിശാഖ് വിശ്വം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷാക്കിറ എൻ കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2021 | 31-03-2022 |
| ഡോ.ഉമാ വേണു ഗോപാൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഹൈദറലി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റുമീന കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ലെനിൻ പീറ്റർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ജെസ്സി ജോൺ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ദാക്ഷായണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വിവിധ ഗ്രാന്റുകളുടെ ചെലവ് ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-4-1 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 8 | ക്ഷേമപദ്ധതികൾ. | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 12 | വാർഷിക കണക്ക്- അപാകതകൾ | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-12 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ | 1-13 |
| 15 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-14 |
| 16 | ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതിൽ അപാകത – കരാറുകാരന് അധിക തുക നൽകി | 1-15 |
| 17 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം- സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം ചെയ്തതിന്റെ വിവരമില്ല. | 1-16 |
| 18 | കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചു- ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാൽ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. | 1-17 |
| 19 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-18 |
| 20 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-19 |
| 21 | മഴക്കാല പൂർവ്വ ശുചീകരണത്തിന് മുൻകൂർ നൽകിയത്- വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 22 | വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയത് - വിനിയോഗ വിവരം ലഭ്യമാക്കി തുക ക്രമീകരിച്ചിട്ടില്ല. | 1-21 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം ലഭ്യമല്ല – ചെലവ് തുക | 1-22 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 24 | ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല | 1-23 |
| 25 | വിവിധ രജിസ്റ്ററുകളുടെ പരിപാലനം - ന്യൂനതകൾ | 1-24 |
| 26 | പോഷകാഹാര വിതരണം - അപാകതകൾ | 1-25 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ | 1-26 |
| 28 | ക്ലബ്ബുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ -അനുമതി പത്രം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 29 | ഗവ.സ്കൂളുകളിലേയ്ക്ക് വാഹനം വാങ്ങൽ -അനുമതി പത്രം ലഭ്യമാക്കിയില്ല. | 1-28 |
| 30 | നെൽ കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി തുക അധികം നൽകി. | 1-29 |
| 31 | വി ഇ.ഒ : രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-30 |
| 32 | MGNREGS - വിവിധ പ്രവൃത്തികളിൽ നിർവഹിക്കപ്പെടാത്ത ഇനങ്ങൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല. | 1-31 |
| 33 | എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകത സംബന്ധിച്ച്. | 1-32 |
| 34 | പൊതുമരാമത്ത് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യുതിൽ അപാകത – കരാറുകാരന് അധിക തുക നൽകി | 3-1 |
| 2 | MGNREGS - വിവിധ പ്രവൃത്തികളിൽ നിർവഹിക്കപ്പെടാത്ത ഇനങ്ങൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/ 19.02.2021 | 6(1)/ 24.02.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | ILGMS | - | - |

### 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 4,03,00,681 |
| വരവ് | 125105080 |
| ആകെ | 165405761 |
| ചെലവ് | 101670567 |
| നീക്കിയിരിപ്പ് | 63735194 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22681801 | 22681801 | 22286258 | 395543 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6078666 | 6078666 | 6078666 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14082000 | 14082000 | 11584014 | 2497986 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9873270 | 9873270 | 5678991 | 4194279 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 5513601 | 5513601 | 5054873 | 458728 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 13328053 | 13328053 | 1241768 | 12086285 |
| ബി ഫണ്ട് | 0 | 100325500 | 100325500 | 100325500 | 0 |

### 1-4-1 വിവിധ ഗ്രാന്റുകളുടെ ചെലവ് ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു. വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| Developement Fund (SCP) | 6078666 | 6108000 | 29334 |
| Developement Fund (General) | 22286258 | 24697457 | 2411199 |

### 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 278 | 172378882 | 167 | 88032584 | 0 | 111 | 60 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 74100 | 203520 | 277620 | 277620 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13756547 | 13756547 | 13756547 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 4993700 | 260 |
| വിധവാ പെൻഷൻ | 33950400 | 1786 |
| വാർദ്ധക്യകാല പെൻഷൻ | 49379000 | 2571 |
| വികലാംഗ പെൻഷൻ | 11090600 | 577 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 911800 | 47 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023 ന് 3 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4213/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ മുഴുവൻ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. ദൈനംദിന ചെലവുകൾക്കായി നിർവ്വഹണോദ്യോഗസ്ഥർക്കും മറ്റ് ഘടക സ്ഥാപന മേധാവികൾക്കും നൽകുന്ന മുൻകൂറുകൾക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതിൽ വീഴ്ച വരുന്നുണ്ട്. ഇക്കാര്യം 20-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും അപാകത ഇപ്പോഴും തുടരുന്നു. കൂടാതെ, മുൻകൂർ തുകയുടെ വരവ് ചെലവ് വിവരം നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

3. റജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. (ഖ- 1. 24 കാണുക)

4. ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

5. ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തിരികെ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ ഉണ്ടായിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2023 | 08/2022 മുതൽ 09/2022 വരെ | 10.01.2023 |
| എ.ജി ഓഡിറ്റ് | 27.06.2013 | 1997-98 മുതൽ 2007-08 വരെ | 13.4.2015 |

## 1-11 വാർഷിക കണക്ക്- അപാകതകൾ

1. താഴെ പറയുന്ന ഇനങ്ങൾ ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Licence Fees For FTE&O | 0 |
| Permit Fee For Instalation Of Machinery | 1900 |
| Profession Tax Employees | 1317524 |
| Fee For Building Regularisation | 349465 |
| Permit Fee For Construction Of Buildings | 220020 |
| Registration Fees From Private Hospitals | 550 |

2. വാർഷിക കണക്കിലെ Rp-35 Other Liabilities പ്രകാരം 888540/രൂപ (വൗച്ചർ നം-42100825/10.03.2022) ഡെപോസിറ്റ് വർക്കിന് വേണ്ടി നൽകിയിട്ടുണ്ട് . എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.

3. വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Deposits Received ഇനത്തിൽ 418483/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. Rent Receivables From Buildings (Arreaes)- ഇനത്തിൽ വാർഷികകണക്ക് പ്രകാരം 80/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ബാലൻസില്ല.

5. വാർഷിക കണക്കുകൾ B-5 ഷെഡ്യൂൾ പ്രകാരം 2739343/-രൂപ ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ ആധികാരിത പരിശോധിക്കാനായിട്ടില്ല.

6. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR സൂക്ഷിച്ചിട്ടില്ല.

7. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. ACR (ബിൽ നം-430/30.03.2022) പ്രകാരം Developement Fund CFC- Untied Basic Grant നിന്നും ചെലവഴിച്ച 1185921/-രൂപ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

10. തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് ഇനത്തിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് 1251199/-രൂപയും , വാർഷികകണക്ക് പ്രകാരമുള്ള വരവ് 956834/-രൂപയുമാണ്. ഇവ തമ്മിൽ 294365/-രൂപയുടെ വ്യത്യാസം ഉണ്ട്.

വാർഷികകണക്കിലെ മേൽ അപാകത സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-05/2021-22തിയ്യതി - 19.01.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
11.വാർഷിക കണക്കിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള MGNREGS- ആകെ ചെലവിൽ, ഭരണ ചെലവ് (277620/-രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്റർ കാലികമാക്കിയിട്ടില്ല. താഴെ കാണിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റോഫീസ് , പഴമള്ളൂർ | 2 |
| 2 | ഇ.എസ്.എ.എഫ് സ്മാൾ ഫിനാൻസ് ബാങ്ക് (സ്ഥാപന തൊഴിൽ നികുതി ഉൾപ്പെടെ) | 2 |

| | | |
|---|---|---|
| 3 | പോസ്റ്റോഫീസ് , പാങ്ങ് | 2 |
| 4 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസ് | 2 |
| 5 | ജി.എൽ.പി.എസ് പാങ്ങ് | 2 |
| 6 | സി.ഡി.എസ് ഓഫീസ് -അകൗണ്ടന്റ് | 2 |
| 7 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ,ചേണ്ടി | 2 |
| 8 | എ.എൽ.പി.എസ് , പാങ്ങ് വെസ്റ്റ് | 1 |
| 9 | മക്കരപ്പറമ്പ് കോ-ഓപ്പറേറ്റീവ് ബാങ്ക് , പരവക്കൽ ബ്രാഞ്ച്<br>മക്കരപ്പറമ്പ് കോ-ഓപ്പറേറ്റീവ് ബാങ്ക് , പഴമള്ളൂർ ബ്രാഞ്ച്<br>മക്കരപ്പറമ്പ് കോ-ഓപ്പറേറ്റീവ് ബാങ്ക് , മെയിൻ ബ്രാഞ്ച് | 2 |
| 10 | പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ,ചട്ടിപ്പറമ്പ് | 2 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന ഈടാക്കാൻ അവശേഷിക്കുന്ന നികുതി ഈടാക്കി രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിക്ക് (11/20.01.2023) മറുപടി ലഭ്യമാക്കിയില്ല.)

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

സർക്കുലർ നമ്പർ 12900/ആർ.എ1/2015 /ത.സ്വ.ഭ.വ തിയതി:02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അപേക്ഷകൾ (പെർമിറ്റ്, റെഗുലറൈസേഷൻ, ഒക്യുപൻസി)ക്ക് ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർക്കുകയോ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം ഫ്രണ്ടോഫീസിൽ സ്വീകരിച്ച അപേക്ഷകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കാത്തതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| അപേക്ഷ നമ്പർ/ തീയ്യതി | അപേക്ഷയുടെ തരം |
|---|---|
| A3- 1066/10.02.2022 | റഗുലറൈസേഷൻ |
| A3- 1067/10.02.2022 | റഗുലറൈസേഷൻ |
| A3- 1069/10.02.2022 | റഗുലറൈസേഷൻ |
| A3- 1094/21.02.2022 | റഗുലറൈസേഷൻ |
| A3- 5891/25.02.2022 | റഗുലറൈസേഷൻ |
| A3- 1207/25.02.2022 | പെർമിറ്റ് |

വാർഷികകണക്ക്- ലെഡ്ജർ, പെർമിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ അപേക്ഷകളുടെ എണ്ണത്തിലുള്ള അന്തരം താഴെ ചേർക്കുന്നു.

| വാർഷികകണക്ക് പ്രകാരം കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് ഫീസ് അടവാക്കിയതിന്റെ എണ്ണം | രജിസ്റ്റർ പ്രകാരം റഗുലറൈസേഷൻ അപേക്ഷകളുടെ എണ്ണം | വാർഷികകണക്ക് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന് ഫീസ് അടവാക്കിയതിന്റെ എണ്ണം | രജിസ്റ്റർ പ്രകാരം പെർമിറ്റ് അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 170 | 77 | 117 | 79 |

ഫ്രണ്ട് ഓഫീസിൽ നിന്നും നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ, സ്വീകരിച്ച മുഴുവൻ അപേക്ഷകളും പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത് നടപടി സ്വീകരിക്കുന്നതിന്റെ വിവരം പരിശോധിക്കാൻ സാധിക്കുന്നില്ല.

കൂടാതെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച അപേക്ഷകളിൽ മിക്കതും പെർമിറ്റ് നേടാതെ നിർമ്മാണം നടത്തിയതിന് ശേഷം ക്രമവൽക്കരിക്കുന്നതിനാണ്. പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.06/2021-22 തിയ്യതി -20.01.2023) ക്ക് ഗ്രാമ പഞ്ചായത്തുകളിൽ ILGMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി എതെല്ലാം രജിസ്റ്ററുകളാണ് കാലികമായി

സൂക്ഷിക്കേണ്ടത് എന്ന വ്യക്തമായ നിർദേശം ഇല്ലാത്തതിനാലാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താൻ വിട്ടുപോയതെന്നും, കുറവ ഗ്രാമ പഞ്ചായത്ത് GO(MS)No.226/2021/LSGD Dt-06.10.2021 ഉത്തരവ് പ്രകാരം കാറ്റഗറി-II ൽ നിന്നും കാറ്റഗറി-I പഞ്ചായത്തിലേക്ക് മാറിയ സാഹചര്യത്തിൽ നിയമാനുസൃത പെർമിറ്റ് നേടിയതിന് ശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് കാണിച്ച് പത്ര പരസ്യം നൽകിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പെർമിറ്റ് / റഗുലറൈസേഷൻ സംബന്ധിച്ച അപേക്ഷകളുടെ രേഖപ്പെടുത്തലുകൾ യഥാസമയത്ത് തന്നെ പൂർണ്ണമാക്കേണ്ടതും, പെർമിറ്റ് നേടാതെയുള്ള നിർമ്മാണങ്ങളിൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഫാമിലി ഹെൽത്ത് സെന്റർ) നടപ്പിലാക്കിയ എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റിന്റെ ഭാഗമായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുള്ള മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ .82/2021-22 ( എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ )

അടങ്കൽ-900000 ( Maintanance Fund Non Road)

പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി, പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF 5037/24.01.2022 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് (BRN- 2115115202920119O186/2021-22) 727134/- രൂപ (Maintanance Fund Non Road) നല്കിയിരുന്നു, എന്നാൽ 605348/- രൂപയുടെ മരുന്നാണ് ലഭ്യമായിട്ടുള്ളത്.

മരുന്ന് ലഭ്യമായതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | 8391/09.08.2022 | 31833 |
| 2 | 8394/09.08.2022 | 7958 |
| 3 | 11164/16.09.2022 | 5926 |
| 4 | 15077/28.10.2022 | 955 |
| 5 | 15592/02.11.2022 | 825 |
| 6 | 15835/03.11.2022 | 1061 |
| 7 | 17044/14.11.2022 | 7003 |
| 8 | 18463/24.11.2022 | 6013 |
| 9 | 5922/11.07.2022 | 173196 |
| 10 | 5926/11.07.2022 | 157819 |
| 11 | 5930/11.07.2022 | 88143 |
| 12 | 3522/03.06.2022 | 88055 |
| 13 | 741/21.04.2022 | 36561 |
| ആകെ - 605348 | | |

121786/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ഈ തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ.14/2021-22 തിയ്യതി -23.01.2023)

## 1-15 ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാത്തിൽ അപാകത – കരാറുകാരന് അധിക തുക നൽകി

നി. ഉ.- അസി. എഞ്ചിനീയർ,

പ്രോജക്റ്റിന്റെ പേര്- കരിഞ്ചാപ്പാടി വഴിക്കടവ് പരവക്കൽ റോഡ് പുനരുദ്ധാരണം

പ്രോജക്റ്റ് നമ്പർ- 212/22

സാങ്കേതികാനുമതി- 2 ലക്ഷം

കരാറുകാരൻ- ശ്രീ. സൈനുൽ ആബിദ്. എം.

അളവ് പുസ്തകം- 19/21-22

ചെലവ് തുക- 150193 രൂപ

ബിൽ നമ്പർ- 7/20.1.2022

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ശ്രീ. സൈനുൽ ആബിദ്. എം. എന്ന കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത് 28.9 % Below ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ടി-യാന് ബിൽ തുക നൽകിയപ്പോൾ 24.9% മാത്രമാണ് ടെണ്ടർ വേരിയേഷനായി ബില്ലിൽ നിന്നും കുറവ് ചെയ്തത്. ഇക്കാരണത്താൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

അധികച്ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന് അർഹമായ തുക | | അനുവദിച്ച തുക | | അധികം |
|---|---|---|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം | | ആകെ പ്രവൃത്തിയുടെ മൂല്യം | | 8000 |
| | 178563 | | 178563 | |
| (-) 28.9% | 51605 | (-) 24.9% | 44462 | |
| 126958 | | | 134101 | |
| (+ ) 12% GST | 15235 | (+ ) 12% GST | 16092 | |
| ആകെ | 142193 | ആകെ | 150193 | |

അധികച്ചെലവ് വന്ന 8000 രൂപ തിരിച്ചടവാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 9/20.1.2023 ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് തിരിച്ചടവാക്കി വിവരം അറിയിക്കുമെന്ന് അസി. എഞ്ചിനീയർ വാക്കാൽ അറിയിച്ചിട്ടുണ്ട്. 8000 രൂപ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം- സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം ചെയ്തതിന്റെ വിവരമില്ല.

13 ലക്ഷം രൂപ അടങ്കലിൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ടെണ്ടർ ചെയ്യുകയും ശ്രീ. മുഹമ്മദ് മുസ്തഫ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ( ക്വാട്ട് ചെയ്ത തുക 1004032) ടിയാനുമായി എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു. (എഗ്രിമെന്റ് നമ്പർ- AE/LSGD/KUR/23/20-21/27.5.2020) എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും ടി പ്രവൃത്തിയുടെ സൈറ്റ് ലവൽ ചെയ്യുന്നതിന് 230.86 എം3 മണ്ണ് കട്ട് ചെയ്യുകയും സൈറ്റിൽ സ്റ്റാക്ക് ചെയ്യുകയും ചെയ്തു. ഇക്കാര്യം എം.ബുക്ക്- 23/20-21, പേജ്-2 ൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂൾ നിർമ്മിക്കുന്ന സ്ഥലം ആസ്തിയിലുൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പരാതി വന്നതിനാലും പ്രസ്തുത പരാതി പരിഹരിക്കുന്നതിന് കാലതാമസം വന്നതിനാലും ഭരണ സമിതിയുടെ തീരുമാന പ്രകാരം പ്രസ്തുത പ്രോജക്റ്റ് ഒഴിവാക്കുകയുണ്ടായി. സൈറ്റിൽ നിന്ന് കിളച്ചെടുത്ത മണ്ണ് മറ്റ് പ്രവർത്തികളുടെ സൈറ്റിലേക്ക് കൊണ്ട് പോകുന്നത് ചെലവ് കൂടുമെന്നതിനാൽ ആയത് ലേലം ചെയ്യുന്നതിന് ഭരണ സമിതി തീരുമാനിക്കുകയും എം3 ന് 165.07 രൂപ നിരക്കിൽ അസി. എഞ്ചിനീയർ വില കണക്കാക്കി നൽകുകയും ചെയ്തിരുന്നു. ഇക്കാര്യം സെക്രട്ടറിയെ രേഖാമൂലം അസി. എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി വിവരം ലഭ്യമല്ല. ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 27 ലക്ഷം രൂപ അടങ്കലിൽ 21-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മറ്റൊരു പ്രോജക്റ്റിന് അംഗീകാരം വാങ്ങുകയും പ്രസ്തുത പ്രോജക്റ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തി മേൽ സൈറ്റിൽ പുരോഗമിക്കുകയും ചെയ്യുന്നു.

സൈറ്റിൽ സ്റ്റാക്ക് ചെയ്തിരുന്ന 230.86 എം3 മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-10/20.1.2023 ന് മറുപടി ലഭ്യമാക്കിയതിൽ മണ്ണ് ലേലം ചെയ്തതിന്റെ വിവരമില്ല)

## 1-17 കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചു- ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാൽ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

കുറുവ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളിൽ വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി കൊണ്ട് ലക്ഷ്യം വെച്ചിരുന്ന രീതിയിൽ കെട്ടിടം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. കെട്ടിടങ്ങളിൽ പെയിന്റിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി 23.1.2023 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ വ്യക്തമായി.

| കെട്ടിടത്തിന്റെ വിവരം | പ്രോജക്റ്റ് വിശദാംശം | നിലവിലെ സ്ഥിതി |
|---|---|---|

| | | |
|---|---|---|
| പഴമള്ളൂർ ജി.എൽ.പി.സ്കൂൾ കെട്ടിടം | പഴമള്ളൂർ ജി.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം-(330/22, 121/22)<br>കെട്ടിട നിർമ്മാണത്തിനായി (330/22) ഓഡിറ്റ് വർഷത്തിൽ 40,78,108 രൂപയും സൈഡ് സംരക്ഷണത്തിനായി (121/22) 3,99,293 രൂപയും ചെലവഴിച്ചിട്ടുണ്ട്. | ഗ്രൗണ്ട് ഫ്ലോറിലുള്ള നാല് ക്ലാസ് റൂമുകളുടെ ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്തതിനാൽ തൊട്ടടുത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറാൻ സാധിച്ചിട്ടില്ല. സ്കൂൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| ചെറുകുളമ്പ് അങ്കണവാടി കെട്ടിടം | ചെറുകുളമ്പ് അങ്കണവാടി കെട്ടിട നിർമ്മാണം-(116/22)<br>ഓഡിറ്റ് വർഷത്തിൽ മേൽ പ്രോജക്ട് പ്രകാരം 5,67,076 രൂപ ചെലവഴിച്ചിട്ടുണ്ട്. | ഫിനീഷിംഗ് വർക്കുകളെല്ലാം പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്യാത്തതിനാൽ അങ്കണവാടി ക്കെട്ടിടം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. അങ്കണവാടി ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |

കെട്ടിടങ്ങൾ വൈദ്യുതീകരണം നടത്താത്തതിന് കാരണം അന്വേഷിച്ചതിന് ഒരിക്കൽ ടെണ്ടർ ചെയ്തെങ്കിലും ആരും എടുത്തിട്ടില്ലെന്നും ഉടനെ തന്നെ റീടെണ്ടർ ചെയ്ത് ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കുമെന്നും എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു.

മേൽ കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി സ്കൂളിനും അങ്കണവാടിക്കും വേണ്ടി തുറന്ന് കൊടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ.(എം.എസ്).3186/2017/LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതു വരെ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. അത് കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക തിരികെ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. 2021-22 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു..

| പ്രൊജക്ട് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|
| 120/22 | 2 | 1600 | 3200 |
| 210/22 | 8 | 1300 | 10400 |
| 205/22 | 2 | 1500 | 3000 |
| 56/22 | 2 | 1300 | 2600 |
| 274/22 | 2 | 5400 | 10800 |
| 317/22 | 2 | 1100 | 2200 |
| 325/22 | 2 | 3500 | 7000 |
| 322/22 | 5 | 1200 | 6000 |

| | | | |
|---|---|---|---|
| 324/22 | 5 | 2300 | 11500 |

മേൽ തുകയും മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്തതിലൂടെ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടി പ്രതീക്ഷിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ - 15/23.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-19 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സംസ്ഥാനത്തെ പ്രീപ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ ആണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016, 24.07.2019 തിയ്യതികളിലെ സർക്കുലറിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയതാണ്. ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണങ്ങൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

ഇ) ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപ കൽപ്പന മുതൽ പൂർത്തീകരണം വരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോട് കൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

പഞ്ചായത്ത് സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമാകുന്നു.

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ നൽകുന്നു.

1) ഫിറ്റ്നസ് സർട്ടിഫിക്കറ്റിലോ അപേക്ഷയിലോ കെട്ടിടങ്ങളുടെ കെട്ടിട നമ്പർ രേഖപ്പെടുത്തുന്നില്ല.

2) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിക്കുന്നില്ല.

3) പഞ്ചായത്ത് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകിയിട്ടുണ്ട്.

4) അൺ എയ്ഡഡ് സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ പ്രവർത്തിക്കുന്നുണ്ട്.

5) ഫിറ്റ്നസ്സ് നൽകിയ ചില സ്ഥാപനങ്ങളുടെ സഞ്ചയ പ്രകാരമുള്ള ഏരിയ ഫിറ്റ്നസ്സ് നൽകിയ ഏരിയയിലും കുറവാണ് . ചില സ്ഥാപനങ്ങളെ സഞ്ചയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഉദാ-

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ഫിറ്റ്നസ്സ് നൽകിയ ക്ലാസ്സ് റൂം വിസ്തീർണ്ണം Sqm | സഞ്ചയ പ്രകാരം സ്ഥാപനത്തിന്റെ വിസ്തീർണ്ണം(Sq M) |
|---|---|---|---|
| 1 | എ.യു. പി.സ്കൂൾ, കുറുവ | 1137.7 എം2 | 575.62എം2<br>(കെട്ടിട നമ്പർ-2/261എ, 261 ബി) |
| 2 | കെ.എസ്.കെ.എം.യു.പി.എസ്, ചെറുകുളമ്പ | 1573എം2 | സഞ്ചയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 3. | എ െ.കെ.ടി.എച്ച്.എസ്, ചെറുകുളമ്പ | 3176.86 എം.2 | സഞ്ചയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ഫിറ്റ്നസ് അപേക്ഷകളിൽ നിന്നും ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെല്ലാം തന്നെ അംഗീകരിക്കപ്പെട്ടതിലും കൂടുതൽ വിസ്തൃതിയിൽ നിർമ്മാണം നടത്തിയതായാണ് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാവുന്നത്. സ്കൂളുകൾക്ക് (സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ് ഉൾപ്പെടെ) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് നിർമ്മിക്കപ്പെട്ടതാണോ എന്നും മുഴുവൻ കെട്ടിടങ്ങൾക്കും നമ്പർ നൽകി അധികൃതമാക്കിയിട്ടുണ്ടോ എന്നും ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പു വരുത്തേണ്ടതായിരുന്നു. .

പഞ്ചായത്തിൽ നിന്ന് അനുമതി തേടാതെയുള്ള നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/23-01-2023ന് പരഗണനാർഹമായ മറുപടി ലഭ്യമാക്കിയിട്ടില്ല) .

## 1-20 മഴക്കാല പൂർവ്വ ശുചീകരണത്തിന് മുൻകൂർ നൽകിയത്- വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.22100233/09.07.21 പ്രാകാരം 4,40,000/-രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 22 വാർഡിലേയും വാർഡ്തല ശുചിത്വ സമിതികളുടെ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ പറയുന്നു.

- ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
- വാർഡ്സമിതികളുടെ ക്യാഷ്ബുക്ക്, ബാങ്ക് പാസ്ബുക്ക്, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
- 10000രൂപ തനത് ഫണ്ടും 10000രൂപ ശുചിത്വ മിഷൻ ഫണ്ടും ആയി 20000 രൂപ വീതം തനത്ഫണ്ടിൽ നിന്നാണ് ചെലവ് അനുവദിച്ചിട്ടുള്ളത്. ശുചിത്വ മിഷൻ വിഹിതം ലഭിക്കുന്ന മുറക്ക് തുക തനത്ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യേണ്ടതാണെന്നും സെക്രട്ടറിയുടെ നടപടിക്രമത്തിൽ പറയുന്നുണ്ട്. എന്നാൽ ശുചിത്വമിഷനിൽ 2020-21ൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി അഡ്വാൻസ് നൽകിയ 220000/-രൂപയും വാർഷിക കണക്ക് പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിന് 2020-21 ലും 2021-22ലും ശുചിത്വമിഷൻ ഫണ്ട് ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/21-22/21.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് സമിതികളിൽ നിന്നും ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യുന്നത് വരെ ചെലവ് തുക 4,40,000/-രൂപ തടസ്സപ്പെടുത്തുന്നു. ശുചിത്വമിഷൻ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയത് - വിനിയോഗ വിവരം ലഭ്യമാക്കി തുക ക്രമീകരിച്ചിട്ടില്ല.

വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തനച്ചെലവുകൾ (വെള്ളക്കരം, വൈദ്യുതി, സ്റ്റേഷനറി, പ്രിന്റിംഗ്) - മുൻകൂർ നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 57/22 |
| പ്രോജക്റ്റിന്റെ പേര് | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തനച്ചെലവുകൾ |
| ചെലവ് തുക | 302977 (65543 തനത്ഫണ്ട്, 237434 മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവ്വഹണം | സെക്രട്ടറി |

തുക നൽകിയതിന്റെ വിശദാംശങ്ങൾ

| ക്രമ നം | ബിൽ/ വൗച്ചർ നം. | തുക | തുക നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 11/24.09.21 | 75000 | വെറ്ററിനറി സർജന് |
| 2 | 12/24.09.21 | 27000 | മെഡിക്കൽ ഓഫീസർക്ക് (ആയുർവേദം) |
| 3 | 16/21.12.21 | 25000 | കൃഷി ഓഫീസർക്ക് |
| 4 | 04/29.06.21 | 110434 | മെഡിക്കൽ ഓഫീസർ,ഹോമിയോ- 39540<br>ICDS – 50000<br>ഹെഡ്മാസ്റ്റർ - 20576<br>ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മീനാർകുഴി- 358 |
| 5 | 22101006/21.03.22 | 17819 | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് പാങ്ങ് ന് |
| 6 | 22100852/11.02.22 | 25000 | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, കുറുവ ക്ക് |
| 7 | 22100853/11.02.22 | 7858 | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മീനാർകുഴിക്ക് |

A) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്ന് ചെലവ് പത്രിക പ്രകാരം ആകെ 237434രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ക്രമ നം. 4പ്രകാരം നൽകിയ 20576രൂപ ഏത് സ്കൂളിന് നൽകി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

B) 65543 രൂപ തനത്ഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ആകെ 50677രൂപയുടെ വൗച്ചർ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 14866രൂപ നൽകിയ ബിൽ/വൗച്ചർ ആർക്ക് നൽകി എന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

C) ക്രമ നം.2,3 നിർവ്വഹണ ഉദ്യോഗസ്ഥർ മാത്രമാണ് ദൈനംദിന ചെലവുകളുടെ വൗച്ചറുകൾ ഹാജരാക്കുകയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുള്ളത്. മറ്റുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

D) ക്രമ നം. 5. 6 പ്രകാരമുള്ള തുകകൾ മാത്രമാണ് അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകൾ മുൻകൂർ രജിസ്റ്ററിൽ ചേർക്കുകയോ, മുൻകൂർ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

E) മേൽ പ്രകാരം നൽകിയ മുൻകൂർ തുകകൾ വാർഷിക കണക്കിൽ Advance To Implementing Officers എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം Amount Payable To Other Creditors (3501099990) എന്ന ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ ക്രമീരിക്കാൻ അവശേഷിക്കുന്ന തുക പരിശോധിക്കാനായിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/21-22/21.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഘടകസ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകൾ നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം അതാത് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കുന്നത് വരെ 250977രൂപ (കൃഷി ഓഫീസർക്കും ആയുർവേദ മെഡിക്കൽ ഓഫീസർക്കും നൽകിയ തുക ഒഴികെ) തടസ്സത്തിൽ വെക്കുന്നു.

## 1-22 ഡെപ്പോസിറ്റ് പ്രവ്യത്തി- പൂർത്തീകരണ വിവരം ലഭ്യമല്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവ്യത്തികൾക്കായി KSEBയുടെ വിവിധ സെക്ഷനുകൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവ്യത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവ്യത്തി | വൗച്ചർ നം. തുക | ഏജൻസി |
|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>ചെലവ് തുക – 29184 (തനത് ഫണ്ട്) | 22100425/29.09.21 | മക്കരപ്പറമ്പ് സെക്ഷൻ |
| 2 | 104/22, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ<br>ചെലവ് തുക – 4445841 | XVFC/2021-22/P/3/09.01.22, 2371380/- | 741125 – പുഴക്കാട്ടിരി സെക്ഷൻ<br>148090 – മലപ്പുറം |

| | | | |
|---|---|---|---|
| | (CFC) | | സെക്ഷൻ<br>741125 – കുളത്തൂർ സെക്ഷൻ<br>741040 – മക്കരപ്പറമ്പ് സെക്ഷൻ |
| | | XVFC/2021-22/P/4/03.03.22, 888540/- | ചട്ടിപ്പറമ്പ് സെക്ഷൻ |
| | | XVFC/2021-22/P/10/30.03.22, 1185921/- | 323430 - മക്കരപ്പറമ്പ് സെക്ഷൻ<br>269525 - പുഴക്കാട്ടിരി സെക്ഷൻ<br>323430 - ചട്ടിപ്പറമ്പ് സെക്ഷൻ<br>269536 - കുളത്തൂർ സെക്ഷൻ |
| | ആകെ | 4475025രൂപ | |

പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 4475025രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല

| പ്രോജക്ട് നം. പേര് | ചെലവ് തുക | വൗച്ചർ നമ്പർ | നിർവ്വഹണം |
|---|---|---|---|
| 312/22, ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായത്തിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 92000 (തനത്ഫണ്ട്) | 22100883/18.02.22 | ഗ്രാമപഞ്ചായത്ത്സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 23 ഡയാലിസിസ് രോഗികൾക്ക് 4000രൂപ വീതം സാമ്പത്തിക സഹായത്തിന് ജില്ലാ പഞ്ചായത്തിന് മേൽ വൗച്ചർ പ്രകാരം 92000 രൂപ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/21-22/19.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം.1461/22, രോഗികൾക്ക് ധനസഹായം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുന്നതും ജില്ലാ മെഡിക്കൽ ഓഫീസർ ( അലോപതി) നിർവ്വഹണ ഉദ്യോഗസ്ഥനായി, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിക്കാണ് വിഹിതം നൽകിയിട്ടുള്ളത്. മലപ്പുറം ജില്ലയിലെ സ്ഥിര താമസക്കാർക്കാണ് ധനസഹായം നൽകുന്നത്.

ജില്ലാപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. അതുവരെ 92000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വിവിധ രജിസ്റ്ററുകളുടെ പരിപാലനം - ന്യൂനതകൾ

1) സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണീച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും 4) കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ

പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

2) വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഓരോ വർഷവും വിവിധ പദ്ധതികളിലായി ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. 2021-22ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം 60 കട്ടിലുകളും, എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് എന്ന പദ്ധതി പ്രകാരം 100വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവ ഇൻവോയിസ് പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ വിതരണ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. കൂടാതെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റും സൂക്ഷിക്കുന്നില്ല. ആയതിനാൽ ഒരേ ഗുണഭോക്താക്കൾ/കുടുംബങ്ങൾക്ക് ഒന്നിൽ കൂടുതൽ തവണ ആനുകൂല്യം നൽകുന്നുണ്ടെന്നോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലില്ല.

3) മാസ്റ്റർ ഇൻകംബെൻസി രജിസ്റ്റർ

മാസ്റ്റർ ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഘടക സ്ഥാപനങ്ങളുടെ ജീവനക്കാരുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.എല്ലാ ജീവനക്കാരുടേയും പേരും ശമ്പളവും സേവനകാലയളവും മാറ്റമായി പോകുന്ന കാര്യാലയം മുതലായ വിവരങ്ങൾ ഉൾപ്പെടുന്നതോടൊപ്പം സ്ഥിരം മേൽവിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4) മുൻകൂർ രജിസ്റ്റർ

വാർഷിക കണക്കുകൾ പ്രകാരം വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി 302977 രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പോസ്റ്റ് മാറ്റി വെക്കലിന് മുൻകൂർ KSEBക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കുകയോ, തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മഴക്കാല ശുചീകരണത്തിനായി വാർഡ്സമിതികൾക്ക് 2020-21ൽ നൽകിയ 220000രൂപയും, 2021-22ൽ നൽകിയ 440000രൂപ വാർഷിക കണക്കിലും രജിസ്റ്ററിലും വിവിധ ഹെഡുകളിലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ KWA, KSEB ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകി മുൻകൂറുകളും ഓരോ വർഷവും വിവിധ ഹെഡുകളിൽ ഉൾപ്പെടുത്തിയതിനാൽ മുൻ വർഷങ്ങളിൽ ക്രമീകരിക്കാനുള്ള തുക കണക്കാക്കുകയോ ക്യാരി ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുക ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചതാണെന്നോ, എന്നു മുതൽക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനവശേഷിക്കുന്നുണ്ടെന്നോ വ്യക്തമല്ല. മുൻവർഷങ്ങളിൽ നൽകിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ മുൻകൂറുകൾ ഏതെന്ന് വ്യക്തമല്ല. സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

6) ലോൺ രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിന് ലൈഫ് ഭവനപദ്ധതിക്കായി KURDFCയിൽ ലോൺ ഉണ്ടെങ്കിലും ലോൺ സംബന്ധിച്ച ഇടപാടുകളുടെ വിശദാംശം (വരവ്, തിരിച്ചടവ്) രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്റിൽ രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിശദാംശം (ഒടുക്കിയ വ്യക്തി, ഒടുക്കിയ ഇനം, തുക, രസീത് നം., തീയതി, ഒടുക്കിയ വ്യക്തിയുടെ ഉദ്യോഗപ്പേര്) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. 2018-19വർഷം വരെയുള്ള റിപ്പോർട്ട് വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ഖണ്ഡികകളുടെ തുടർ നടപടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ

ഒരു തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുറ്റമറ്റ രീതിയിലല്ല . പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് പ്രസ്തുത രജിസ്റ്റർ പരിപാലിച്ചിട്ടില്ല . കൂടാതെ, തെരുവ് വിളക്കുകളുടെ ആകെ എണ്ണം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾ അറിയിച്ച് നൽകിയ ഓഡിറ്റ് ഓൺക്വയറി നം.22/21-22/24.01.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്ററുകൾ കുറ്റമറ്റതാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 പോഷകാഹാര വിതരണം - അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 44 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം സമൃദ്ധം ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റ് ചെറുകുളമ്പിൽ നിന്നും അമൃതം ഫുഡ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

1)പ്രോജക്റ്റ് നം : അംഗൻവാടി പൂരക പോഷകാഹാര പദ്ധതി (ജനറൽ) 87/22

മൊത്തം അടങ്കൽ- : 10059979/-

ചെലവ് :10059979/-

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് സമൃദ്ധം കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് ചെറുകുളമ്പിന് നൽകിയ തുക (ജി. എസ്.ടി ഒഴികെ) | |
|---|---|---|---|---|
| | | | തൂക്കം Kg. | വില |
| 1 | 667332 | 15/23.7.21 | 4414.5 | 326673 |
| 2 | 679828 | 18/23.7.21 | 3753 | 277722 |
| 3 | 1095621 | 2941742/18.8.21 | 3746 | 262220 |
| | | | 3746 | 262220 |
| | | | 3746 | 262220 |
| | | | 3753 | 262710 |
| 4 | 401398 | 54/5.10.21 | 4158 | 291060 |
| 5 | 332667 | 57/5.10.21 | 4494.5 | 314685 |
| 6 | 325674 | 89/7.11.21 | 4401 | 308070 |
| 7 | 390800 | 386/24.3.22 | 4644 | 343656 |
| | | | 40856 | 2911236 |
| TDS 2% | | | 58225/- | |

പ്രൊജക്റ്റ് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർച്ചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർച്ചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്ത സമൃദ്ധം കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ അമൃതം ഫുഡ് വിതരണം ചെയ്ത സമൃദ്ധം കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് ചെറുകുളമ്പ് എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ

സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.24/24.1.23 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് പ്രഥമമറുപടിയിൽ തന്നെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ

2021-22 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം (90/2021-22) എന്ന പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

അടങ്കൽ :704700/-

ആകെ ചെലവ് : 696325/-

മേൽ പ്രൊജക്ട് പ്രകാരം, മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ആർട്കോയിൽ നിന്നും 4325 രൂപ നിരക്കിൽ 161 കട്ടിലുകൾ വാങ്ങിയതിന് ആർട്കോയ്ക്ക് 696325 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ബിൽ നം &തീയതി | തുക | ഇൻവോയ്സ്.നം& തീയതി | എണ്ണം | ആകെ തുക (ജി എസ്.ടി. 18%) ഉൾപ്പെടെ |
|---|---|---|---|---|
| 316/5.3.22 | 346000 | 519/17.3.22 | 80 | 346000 |
| 388/24.322 | 54000 | 373/5.2.22 | 81 | 350325 |
| 2941746/7.4.22 | 296325 | | - | - |
| | | | 161 | 696325 |

പ്രൊജക്ട് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ആർട്കോയുമായി കരാറുടമ്പടി വച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല.

2)സ്റ്റോർ പർചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ 13-5-19 തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ.19/19 ഉത്തരവ് പ്രകാരം, ആർട്കോ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ ആർട്കോ തന്നെ നിർമിച്ചതാണ് എന്നും പുറമേ നിന്നും നിർമിച്ചവയല്ല എന്നും രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആർട്കോയിൽ നിന്നും ലഭ്യമാക്കുന്നതിന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആർട്കോയിൽ നിന്നുള്ള പ്രസ്തുത സാക്ഷ്യപത്രം പ്രൊജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

3)വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം ലഭ്യമല്ല.

4)കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരവും കൈപറ്റിയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/18.1.23 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതു വരെ ചെലവു തുക 696325 /-ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ക്ലബ്ബുകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ -അനുമതി പത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം :137/21-22 (സ്പിൽ ഓവർ 2019-20)

പ്രൊജക്ട് : അംഗീകൃത ക്ലബ്ബുകൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ

അടങ്കൽ: 2ലക്ഷം (തനത്)

ചെലവ് :1,95,465 /- ചെക്ക് നം 1602399/15.12.21

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്നും ഇൻ.നം 113/22.11.21 പ്രകാരം 17 അലമാരകളും 34 ഫൈബർ കസേരകളും വാങ്ങി താഴെ പറയുന്ന 15 സ്പോർട്സ് ക്ലബ്ബുകൾക്കും 2 ലൈബ്രറികൾക്കും ഓരോ അലമാരയും 2വീതം കസേരകളും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്പോർട്സ് ക്ലബ്ബ് /ലൈബ്രറിയുടെ പേര് |
|---|---|
| 1 | ഡോണാസ് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,പഴമല്ലൂർ |
| 2 | യുവധാര ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,വാഴക്കോട് |
| 3 | ഫ്രണ്ട്സ്& റോവേഴ്സ് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,ചന്തപറമ്പ് |
| 4 | ഗ്യാലക്സി ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,വറ്റല്ലൂർ |
| 5 | ഉദയാ ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,കരിഞ്ചാപ്പടി. |
| 6 | സൂര്യ ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,ചൊവ്വണ |
| 7 | Zലയൺസ് ക്ലബ്ബ് ,താണിക്കോട് |
| 8 | വിവിഷ്യാസ് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,കമ്പനിപ്പടി |
| 9 | യുവധാരആർട്സ്& സ്പോർട്സ് ക്ലബ്ബ് ,ചന്ദനപറമ്പ് |
| 10 | ചലഞ്ച് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,ഭാസ്കരൻപടി |
| 11 | യങ് മാൻസ് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,മീനാർകുഴി |
| 12 | ഗ്രീൻ മൗണ്ട് ആർട്സ്& സ്പോർട്സ് ക്ലബ്ബ് ,കുന്നും പുറം |
| 13 | YCC ആർട്സ്& സ്പോർട്സ് ക്ലബ്ബ് പടിഞ്ഞാറ്റുംമുറി |
| 14 | ന്യൂ സംഗമം ആർട്സ്& സ്പോർട്സ് ക്ലബ്ബ് കുറുവ |
| 15 | ലിബർട്ടി ആർട്സ്& സ്പോർട്സ് ക്ലബ്ബ് , അയ്യനാത്ത് |
| 16 | ജ്ഞാനോദയം ഗ്രന്ഥാലയം പാങ്ങ് |
| 17 | യുവഭാവന സാംസ്കാരിക സമിതി &ലൈബ്രറി, ചെറുകുളമ്പ് |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)സബ്സിഡി മാർഗരേഖ സ.ഉ.നം22/18 ത.സ്വ.ഭ.വ തീയതി.14.2.18 പ്രകാരം ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണീച്ചറുകൾ വാങ്ങി നൽകുന്നതിന് അനുമതിയില്ല. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിപത്രം വേണമെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണീച്ചറുകൾ വാങ്ങി നൽകിയതിന് ആധാരമാക്കിയ അനുമതി പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)മേൽ സ്ഥാപനങ്ങൾക്ക് ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/17.1.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 195465/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-28 ഗവ.സ്കൂളുകളിലേയ്ക്ക് വാഹനം വാങ്ങൽ -അനുമതി പത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം :136/-22

പ്രൊജക്ട് : ഗവ. സ്കൂളുകളിലേക്ക് വാഹനം വാങ്ങൽ (സ്പിൽ ഓവർ )

അടങ്കല് : 40ലക്ഷം (തനത്)

ആകെ ചെലവ് :3675640/-

വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിയ്ക്കുക എന്ന ലക്ഷ്യത്തോടെ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം HR1006002891/12.3.22, HR1006002891/12.3.22 എന്നീ ഇൻവോയ്സുകൾ പ്രകാരം എസ്. എം .എൽ ഇസുസു ലിമിറ്റഡ് ഹരിയാന എന്ന സ്ഥാപനത്തിൽ നിന്നും 2ബസുകൾ വാങ്ങി ജി.എൽ. പി.എസ് പാങ്ങ്, ജി.എൽ. പി.എസ് മീനാർകുഴി എന്നീ രണ്ടു ഗവ. സ്കൂളുകളിലേയ്ക്ക് ടി ബസുകൾ കൈമാറിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം&തീയതി | തുക | തുക നൽകിയത് | റിമാർക്സ് |
|---|---|---|---|
| 4441180/22.3.22 | 107126/- | ജില്ലാ ഇൻഷ്വറൻസ് ഓഫീസ് , തിരുവനന്തപുരം | വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക @ 53563 |

| | | | |
|---|---|---|---|
| 4441622/30.3.22 | 37000/- | സിൽവർ മോട്ടോർസ് മഞ്ചേരി | റോഡ് ടാക്സ്,പെർമിറ്റ്,ജി.പി.എസ് ഫിറ്റിംഗ് ചാർജ് എന്നിവയ്ക്ക് നൽകിയ തുക |
| 4441622/30.3.22 | 3531514/- | എസ്. എം.എൽ ഇസുസു ലിമിറ്റഡ്. ഹരിയാന | 2ബസുകളുടെ വില @ 1765757 |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1)വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)മീനാർകുഴി ജി.എൽ. പി. സ്കൂളിനു കൈമാറിയ വാഹനത്തിന്റെ ആർ. സി. ബുക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ടു കൊണ്ട് 8/20.1.2023 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 3675640/-തടസ്സം ചെയ്യുന്നു.

## 1-29 നെൽ കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി തുക അധികം നൽകി.

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്ടിന്റെപേര് : നെൽകൃഷി വികസന പദ്ധതി. (62/22)

അടങ്കൽ :1530000/-

ചെലവ് :1487500/-

മേൽ പ്രൊജക്ട് പ്രകാരം മുഹമ്മദലി മുല്ലപ്പള്ളി (വാർഡ് നം 22) എന്ന ഗുണഭോക്താവ് 0.6ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തതിന് കൂലിചെലവ് ഇനത്തിൽ സബ്സിഡി തുക നല്കിയതിന്റെ വിവരങ്ങളാണ് താഴെ ചേർത്തിരിയ്ക്കുന്നത്

| ബിൽ നം. &തീയതി | തുക | ഫണ്ട് |
|---|---|---|
| 203/21.1.22 | 5100 | പ്ലാൻ വിഹിതം |
| ലഭ്യമല്ല | 4080 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ലഭ്യമല്ല | 2125 | ജില്ലാ പഞ്ചായത്ത് വിഹിതം |
| ആകെ | 11305 | |

പതിമൂന്നാം പദ്ധതി മാർഗരേഖ പ്രകാരം നെൽകൃഷിയ്ക്കുള്ള കൂലിചെലവ് സബ്സിഡി തുക ഹെക്ടറിന് 17000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 0.6ഹെക്ടർ കൃഷി ചെയ്തതിന് അനുവദിയ്ക്കാവുന്ന സബ്സിഡി 10200 രൂപയാണ്.1105രൂപ അധികം നൽകിയിട്ടുണ്ട്.വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.21/24.1.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രഥമ മറുപടിയിൽ തന്നെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 വി ഇ.ഒ : രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2021-22 വർഷത്തിൽ 9 സ്പിൽ ഓവർ പ്രൊജക്ടുകളടക്കം 16 പ്രൊജക്ടുകൾക്കായി വി. ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി 2,05,35,588 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദേശ പ്രകാരമുള്ള രജിസ്റ്ററുകൾ വി. ഇ.ഒ. സൂക്ഷിച്ചിട്ടില്ല.

1)ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.എന്നാൽ വി ഇ.ഒ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ ക്യാഷ് ബുക്ക് TR7A മാതൃകയിലുള്ള കാഷ് ബുക്ക് അല്ല. കൂടാതെ 15.9.21 മുതലുള്ള വിവരങ്ങൾ മാത്രമാണ് പ്രസ്തുത ബുക്കിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്. ദിനാന്ത്യ /മാസാന്ത്യ/വർഷാന്ത്യ ക്ലോസിംഗ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിവിധ ബിൽ/ചെക്കുകൾ മുഖാന്തിരം പിൻവലിച്ച മുഴുവൻ തുകകളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ സർക്കാർ നിർദേശം പാലിയ്ക്കാത്തതിനും മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ ഉത്തരവ് സെക്ഷൻ 26.6 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അനക്സർ B-V മാതൃകയിൽ പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കണമെന്നും പ്രസ്തു ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവധ പ്രൊജക്ടുകളുടേയും , അവയ്ക്കായി ബിൽ/ചെക്കുകൾ മുഖാന്തിരം പിൻവലിച്ച മുഴുവൻ തുകകളുടേയും വിവരങ്ങൾ രേഖപ്പെടുത്തി പ്രൊജക്റ്റ് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്റ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ 25/24.1.23 നം ഓഡിററ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മേൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിയ്ക്കുന്നതാണ് എന്ന് വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-31 MGNREGS - വിവിധ പ്രവൃത്തികളിൽ നിർവഹിക്കപ്പെടാത്ത ഇനങ്ങൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിച്ചതും മെറ്റീരിയൽ വർക്ക് ഉൾപ്പെട്ടതുമായ പ്രവൃത്തികളിൽ അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റ് , അളവ് പുസ്തകം എന്നിവയിൽ രേഖപ്പെടുത്തിയ മുഴുവൻ പ്രവൃത്തികളും നിർവഹിക്കാതെ തുക നൽകിയതായി, ഫയലിനൊപ്പം ഹാജരാക്കിയ തെളിവ് രേഖകൾ പരിശോധിച്ചതിൽ നിന്നും, ഭൗതിക പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. ശ്രീ. സുകുമണി – 16- വാർഡ്- ആട്ടിൻകൂട് നിർമാണം

| | |
|---|---|
| പ്രവൃത്തി ഇനം | ആട്ടിൻക്കൂട് നിർമാണം |
| ഗുണഭോക്താവിന്റെ പേരും വാർഡ് നമ്പരും<br>അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ശാഖ | ശ്രീ. സുകുമണി – വാർഡ്-16<br>A/C. NO. 40165101075384<br>കേരളാ ഗ്രാമീൺ ബാങ്ക് , കോഡൂർ ശാഖ |
| MB NO | 54//2021-22 |
| എസ്റ്റിമേറ്റ് തുക | 64000 |
| വർക്ക് കോഡ് | 1605006002/എെ.എഫ്/681503 |
| ബിൽ നമ്പർ/ തിയതി | 375/01. 1.2022 |
| ബിൽ തുക | 43839 |
| എഫ്.ടി.ഒ. നമ്പർ- | 0121 EATPAYREQ2906202216307 |

മേൽ പ്രവൃത്തിയുടെഎസ്റ്റിമേറ്റിൽ ഇനം 3 ആയി 80.8.193 സ്പെസിഫിക്കേഷൻ പ്രകാരമുള്ള 1.5 മീറ്റർ നിളത്തിലുള്ള കവുങ്ങ്കൊണ്ടുള്ള 14 എണ്ണം (21 മീറ്റർ) Reapers സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. ഇത് പ്രകാരം പ്രവൃത്തി ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും 1 മീറ്ററിന് 160.5 രൂപ നിരക്കിൽ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തു. എന്നാൽ പ്രവൃത്തി 23.1.2023 ന് തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടിയിനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് നൽകിയ 3371 രൂപ ( 21*160.50) തിരിച്ചടവാക്കേണ്ടതാണ്.

2. ശ്രീമതി. ആമിന കപ്പോടത്ത് – വാർഡ്-8 , തൊഴുത്ത് നിർമാണം

| | |
|---|---|
| പ്രവൃത്തി ഇനം | തൊഴുത്ത് നിർമാണം |
| ഗുണഭോക്താവിന്റെ പേരും വാർഡ് നമ്പരും<br>അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ശാഖ | ശ്രീമതി. ആമിന കപ്പോടത്ത് – വാർഡ്-8<br>A/C. NO. 67371382896<br>എസ്.ബി.ഐ, പാങ്ങ് |
| MB NO | 59//2021-22 |
| എസ്റ്റിമേറ്റ് തുക | 124000 |
| വർക്ക് കോഡ് | 1605006002/ഐ.എഫ്/648697 |
| ബിൽ നം/ തിയതി/തുക | 1362/12.2.2022, 40212 രൂപ<br>819/20.2.2022, 46981 രൂപ<br>36/ 1.3.2022 , 1000 രൂപ |

| | |
|---|---|
| എഫ്.ടി.ഒ. നമ്പർ- | 0121 EATPAYREQ2906202216861 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 5ആയി 13.16.1 6mm Cement Plaster Of Mix (1:3) എന്ന ഇനം ഉൾപ്പെടുത്തിയിരുന്നു. ഇത് പ്രകാരം ടി- ഇനം പ്രവൃത്തി 15.60 എം2 അളവിൽ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ച. മീറ്ററിന് 213.616 രൂപ നിരക്കിൽ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തു. എന്നാൽ പ്രവൃത്തി 23.1.2023 ന് തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടിയിനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് നൽകിയ 3332 രൂപ ( 15.6*213.616 ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ രണ്ട് പ്രവൃത്തികളിലുമായി അധികം നൽകിയ 6703 രൂപ (3371+3332) തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/24.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 എയ്ഡഡ് സ്കൂളിലെ ടോയ്‌ലറ്റ് നിർമ്മാണം - അപാകത സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ കെ.എസ്.കെ.എം. യു.പി. സ്കൂളിൽ ചുവടെ കാണിച്ച പദ്ധതി പ്രകാരം ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്‌ലറ്റുകൾ നിലവിലുണ്ട്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ച് പഠനം നടത്തിയതായി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

3. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മുഴവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതായി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സർക്കാർ സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി 1582420 രൂപ അടങ്കലിൽ 2021-22 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുമുണ്ട്. (പ്രോജക്ട് നമ്പർ- 318/22) അത് കൊണ്ട് തന്നെ എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ നിലവിലില്ലെന്ന്ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കെ.എസ്.കെ.എം.യു.പി.സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 395/21, 118/22 (സ്പിൽഓവർ) |
| അടങ്കൽ | 520000 (ശുചിത്വ മിഷൻ ഫണ്ട്) |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് അയ്യൂബ്. പി.എം. |
| ചെലവ് തുക | 507918 |
| ചെക്ക് നമ്പർ | 2941353/ 16.8.2021 |

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/23.1.2023 ന് പരിഗണനാർഹമായ മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-33 പൊതുമരാമത്ത് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന

നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല എന്ന് കാണുന്നു.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. 100, 200 മീറ്റർ നീളത്തിൽ റോഡ് ടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് 6 മാസം കാലയളവ് നൽകുമ്പോൾ കെട്ടിട നിർമ്മാണത്തിന് അനിവാര്യമായ പൂർത്തീകരണ കാലയളവ് നൽകിയതായി കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

ടെണ്ടർ സ്വീകരിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ലഭ്യമായ ഓരോ ടെണ്ടറിലും അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിന് നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമ നമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ തിരുത്തലുകളുടെ വിവരം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുമാണ്. (ചട്ടം- 10-7) എന്നാൽ ഓഡിറ്റ് വർഷം നടത്തിയ പല ടെണ്ടറുകളിലും ഇപ്രകാരം തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ തിരുത്തലുകൾ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം കൈപ്പടയിൽ ടെണ്ടറിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ചുരുക്കൊപ്പ് വെയ്ക്കേണ്ടതാണ്. (ചട്ടം-10-8) എന്നാൽ ഓഡിറ്റ് വർഷത്തെ ഒരു ടെണ്ടറിൽ പോലും ഇപ്രകാരം കരാറുകാർ ക്വാട്ട് ചെയ്ത നിരക്ക് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പൊതു മരാമത്ത് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ-18/23.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തതിൽ അപാകത – കരാറുകാരന് അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ,

പ്രോജക്ടിന്റെ പേര്- കരിഞ്ചാപ്പാടി വഴിക്കടവ് പരവക്കൽ റോഡ് പുനരുദ്ധാരണം

പ്രോജക്ട് നമ്പർ- 212/22

സാങ്കേതികാനുമതി- 2ലക്ഷം

കരാറുകാരൻ- ശ്രീ. സൈനുൽ ആബിദ്. എം.

ക്വാട്ട് ചെയ്ത നിരക്ക് - 28.9 % Below

അളവ് പുസ്തകം- 19/21-22

ചെലവ് തുക- 150193 രൂപ

ബിൽ നമ്പർ- 7/20.1.2022

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ശ്രീ. സൈനുൽ ആബിദ്. എം. എന്ന കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത് 28.9 % Below ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ടി-യാന് ബിൽ തുക നൽകിയപ്പോൾ 24.9% മാത്രമാണ് ടെണ്ടർ വേരിയേഷനായി ബില്ലിൽ നിന്നും കുറവ് ചെയ്തത്. ഇക്കാരണത്താൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

അധികച്ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന് അർഹമായ തുക | അനുവദിച്ച തുക | അധികം |
|---|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം<br>178563<br>(-) 28.9% 51605<br>126958<br>(+ ) 12% GST 15235<br>ആകെ 142193 | ആകെ പ്രവൃത്തിയുടെ മൂല്യം<br>178563<br>(-) 24.9% 44462<br>134101<br>(+ ) 12% GST 16092<br>ആകെ 150193 | 8000 |

അധികച്ചെലവ് വന്ന 8000 രൂപ തിരിച്ചടവാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 9/20.1.2023 ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടവാക്കി അറിയിക്കുമെന്ന് അസി. എഞ്ചിനീയർ വാക്കാൽ അറിയിച്ചു. 8000 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 MGNREGS - വിവിധ പ്രവൃത്തികളിൽ നിർവഹിക്കപ്പെടാത്ത ഇനങ്ങൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിച്ചതും മെറ്റീരിയൽ വർക്ക് ഉൾപ്പെട്ടതുമായ പ്രവൃത്തികളിൽ അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റ് , അളവു പുസ്തകം എന്നിവയിൽ രേഖപ്പെടുത്തിയ മുഴുവൻ പ്രവൃത്തികളും നിർവഹിക്കാതെ തുക നൽകിയതായി, ഫയലിനൊപ്പം ഹാജരാക്കിയ തെളിവു രേഖകൾ പരിശോധിച്ചതിൽ നിന്നും, ഭൗതിക പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. ശ്രീ. സുകുമണി – 16- വാർഡ്- ആട്ടിൻകൂട് നിർമാണം

| പ്രവൃത്തി ഇനം | ആട്ടിൻക്കൂട് നിർമാണം |
|---|---|
| ഗുണഭോക്താവിന്റെ പേരും വാർഡ് നമ്പരും<br>അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ശാഖ | ശ്രീ. സുകുമണി – വാർഡ്-16<br>A/C. NO. 40165101075384<br>കേരളാ ഗ്രാമീൺ ബാങ്ക് , കോഡൂർ ശാഖ |
| MB NO | 54//2021-22 |
| എസ്റ്റിമേറ്റ് തുക | 64000 |
| വർക്ക് കോഡ് | 1605006002/എെ.എഫ്/681503 |
| ബിൽ നമ്പർ/ തിയതി | 375/01. 1.2022 |
| ബിൽ തുക | 43839 |
| എഫ്.ടി.ഒ. നമ്പർ- | 0121 EATPAYREQ2906202216307 |

മേൽ പ്രവൃത്തി യുടെഎസ്റ്റിമേറ്റിൽ ഇനം 3 ആയി 80.8.193 സ്പെസിഫിക്കേഷൻ പ്രകാരമുള്ള 1.5 മീറ്റർ നിളത്തിലുള്ള കവുങ്ങ്കൊണ്ടുള്ള 14 എണ്ണം (21 മീറ്റർ) Reapers സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. ഇത് പ്രകാരം പ്രവൃത്തി

ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും 1 മീറ്ററിന് 160.5 രൂപ നിരക്കിൽ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തു. എന്നാൽ പ്രവൃത്തി 23.1.2023 ന് തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടിയിനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് നൽകിയ 3376 രൂപ ( 21*160.50) തിരിച്ചടവാക്കേണ്ടതാണ്.

2. ശ്രീമതി. ആമിന കപ്പോടത്ത് – വാർഡ്-8 , തൊഴുത്ത് നിർമാണം

| | |
|---|---|
| പ്രവൃത്തി ഇനം | തൊഴുത്ത് നിർമാണം |
| ഗുണഭോക്താവിന്റെ പേരും വാർഡ് നമ്പരും<br>അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ശാഖ | ശ്രീമതി. ആമിന കപ്പോടത്ത് – വാർഡ്-8<br>A/C. NO. 67371382896<br>എസ്.ബി.എെ, പാങ്ങ് |
| MB NO | 59//2021-22 |
| എസ്റ്റിമേറ്റ് തുക | 124000 |
| വർക്ക് കോഡ് | 1605006002/എെ.എഫ്/648697 |
| ബിൽ നം/ തിയതി/തുക | 1362/12.2.2022, 40212 രൂപ<br>819/20.2.2022, 46981 രൂപ<br>36/ 1.3.2022 , 1000 രൂപ |
| എഫ്.ടി.ഒ. നമ്പർ- | 0121 EATPAYREQ2906202216861 |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 5ആയി 13.16.1 6mm Cement Plaster Of Mix (1:3) എന്ന ഇനം ഉൾപ്പെടുത്തിയിരുന്നു. ഇത് പ്രകാരം ടി- ഇനം പ്രവൃത്തി 15.60 എം2 അളവിൽ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ച. മീറ്ററിന് 213.616 രൂപ നിരക്കിൽ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തു. എന്നാൽ പ്രവൃത്തി 23.1.2023 ന് തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ടിയിനം പ്രവൃത്തി ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് നൽകിയ 3332 രൂപ ( 15.6*213.616 ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ രണ്ട് പ്രവൃത്തികളിലുമായി അധികം നൽകിയ 6708 രൂപ (3376+3332) തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/24.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2021-22 | 16.01.2023 മുതൽ 24.01.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 340000 | പ്രോ.നം-62/22<br>നെൽ കൃഷി കൂലിച്ചെലവ് | 340000 | 0 |
| | 320000 | പ്രോ.നം-72/22<br>ലൈഫ് മിഷൻ-എസ്.സി.പി | 320000 | 0 |
| | 458500 | പ്രോ.നം-89/22<br>ഭിന്നശേഷി സ്കോളർഷിപ്പ് | 458500 | 0 |

| | | | | |
|---|---|---|---|---|
| | 300000 | പ്രോ.നം-90/22 വയോജനങ്ങൾക്ക് കട്ടിൽ | 296325 | 3675 |
| ബ്ലോക്ക് പഞ്ചായത്ത് - ആകെ: | | | 1414825 | |
| ജില്ലാ പഞ്ചായത്ത് | 382500 | പ്രോ.നം-62/2021-22 നെൽ കൃഷി കൂലിച്ചെലവ് | 382500 | 0 |
| | 1500000 | പ്രോ.നം-72/22 ലൈഫ് മിഷൻ-എസ്.സി.പി | 1500000 | 0 |
| | 691300 | പ്രോ.നം-89/22 ഭിന്നശേഷി സ്കോളർഷിപ്പ് | 691300 | |
| ജില്ലാ പഞ്ചായത്ത് - ആകെ: | | | 2573800 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100425/29.09.21 | 29184 (തനത് ഫണ്ട്) | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 29184 |
| KSEB | 104/22, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | XVFC/2021-22 /P/3/09.01.22, 2371380/-<br>XVFC/2021-22/P/4/ 03.03.22, 888540/-<br>XVFC/2021-22/P/10/ 30.03.22, 1185921/- | 4445841 (CFC) | 0 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 4445841 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC | ലഭ്യമല്ല. | 0 | 3252676 | 513333 | 0 | 2739343 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | വർഷം | | | |
|---|---|---|---|---|---|
| 99-2000 | 36 | 2003-04 | | സോപ്പ് നിർമ്മാണ യൂണിറ്റ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| -- | -- | 2013-14 | | കുടിവെള്ള പദ്ധതികൾ പ്രവർത്തനാവലോകനം | -ടി |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തികൾ-അവലോകനം | -ടി |
| 2016-17 | 2(2) | 2016-17 | | അനുബന്ധം | -ടി |
| 2017-18 | 3(3) | 2018-19 | | കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം പ്രവർത്തന ക്ഷമമായില്ല | -ടി |

## 4-9 ചാർജ്,സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക- ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL /SC3/2000 7.1.2002 | 492 | | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 99-200 | | രജനി.പി. കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-6614/ Special Cell /SC-5/2005 /31.5.2006 | 54048 | 0 | 54048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 7811 | | 7811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 51930 | | 51930 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 125105080 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101670567 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9825432 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8000 | ശ്രീ. ഉഷാർ കൃഷ്ണൻ .ജി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 8000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 4,40,000 | ശ്രീമതി. മേരി ഐലിൻ എ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-21 | 250977 | ശ്രീമതി. നിമ്മി ജേക്കബ്, സെക്രട്ടറി |
| 1-22 | 4475025 | ശ്രീമതി. നിമ്മി ജേക്കബ്, സെക്രട്ടറി |
| 1-23 | 92000 | ശ്രീമതി. നിമ്മി ജേക്കബ്, സെക്രട്ടറി |
| 1-26 | 696325 | ശ്രീമതി. ദാക്ഷായണി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 195465 | ശ്രീമതി. ജെസ്സി ജോൺ, ഹെഡ്മിസ്ട്രസ്സ് |
| 1-28 | 3675640 | ശ്രീമതി. ജെസ്സി ജോൺ, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 9825432 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 3-2 കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉഷാർ കൃഷ്ണൻ.ജി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കുറവ ഗ്രാമ പഞ്ചായത്ത് | ആലുന്നതിൽ വീട് വെൻകുളം,എടവ .പി.ഒ തിരുവനന്തപുരം 69531 |
| ശ്രീമതി. മേരി ഐലിൻ എ , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,ത്രിക്കരുവ ഗ്രാമ പഞ്ചായത്ത് കൊല്ലം | റിഗൺ ഡാലേ പള്ളിത്തോട്ടം പി.ഒ കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 |

| | | |
|---|---|---|
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 14 |
| 2000-01 | എൽ എഫ് എം 11/571/03 തിയ്യതി 07.10.10 | 19 |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 |
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.2.2011 | 14 |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 16.3.11 | 5 |
| 2009-10 | എൽ എഫ് എം 11/381/13 തിയ്യതി 13.8.2013 | 27 |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 24.06.2017 | 21 |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016തിയ്യതി 28.06.17 | 17 |
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 21.2.2018 | 13 |
| 2016-17 | കെ എസ് എ എം പി എം 11/1432/2017 തിയ്യതി 21.07.18 | 22 |
| 2017-18 | കെ എസ് എ എം പി എം 11/2425/2018 തിയ്യതി 4-5-19 | 17 |
| 2018-19 | കെ എസ് എ എം പി എം 11/2293/2019 തിയ്യതി 10.08.2020 | 13 |
| 2019-20 | കെ എസ് എ എം പി എം 11/830/2022 തിയ്യതി-20.12.2022 | 24 |
| 2020-21 | കെ എസ് എ എം പി എം 11/1491/2022 തിയ്യതി-20.12.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.2/2023

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്